# കോൺഗ്രസ് ബി.ജെ.പിയെ 'തോൽപിക്കുന്ന' വിധം

**മതേതര** ജനാധിപത്യ സമൂഹത്തിൽ വ്യക്തികളുടെ മതപരിവർത്തനം സർക്കാറിന്റെയോ രാഷ്ട്രീയ പാർട്ടികളുടെയോ പരിഗണനാവിഷയമാകേണ്ടതില്ല. മതം വ്യക്തിജീവിതവുമായി മാത്രം ബന്ധപ്പെട്ട വിഷയമാണെന്നാണല്ലോ സങ്കൽപം. ഇഷ്ടമുള്ള മതം സ്വീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും ഒരു മതവും സ്വീകരിക്കാതെയും ആചരിക്കാതെയുമിരിക്കാനുമുള്ള പൗരന്റെ സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകിയിട്ടുള്ളതാണ്. എന്നിട്ടും മതപരിവർത്തനം നിയമം മൂലം നിരോധിച്ചിരിക്കുകയാണ് പല ഇന്ത്യൻ സംസ്ഥാനങ്ങളിലും. ഭരണഘടനാദത്തമായ ഒരവകാശത്തെ ഹനിക്കുന്ന ഈ നിയമത്തിന്റെ സാധുതയാണ് വാസ്തവത്തിൽ രാഷ്ട്രീയ പാർട്ടികൾ ഗൗരവപൂർവം പരിഗണിക്കേണ്ടത്. നിർഭാഗ്യവശാൽ അവരിൽനിന്ന് അർഹിക്കുന്ന പരിഗണന ഈ വിഷയത്തിന് ഇനിയും ലഭിച്ചിട്ടില്ല.

മതപരിവർത്തനത്തിൽ പ്രലോഭനവും സമ്മർദവും ബലപ്രയോഗവും നടത്തപ്പെടുന്നുവെന്നും അത് സമൂഹാന്തരീക്ഷത്തെ കലുഷമാക്കുന്നുവെന്നുമാണ് മതപരിവർത്തന നിരോധന നിയമത്തിന്റെ വക്താക്കൾ ഉന്നയിക്കുന്ന ന്യായം. മറ്റേന്തിലുമെന്നപോലെ മതപരിവർത്തനത്തിലും അപൂർവമായി പ്രലോഭനവും സമ്മർദവും നടക്കുന്നുണ്ടാവാം. പക്ഷേ, അങ്ങനെ മാത്രമേ മതപരിവർത്തനം നടക്കൂ, അല്ലെങ്കിൽ ഇന്ത്യയിലുണ്ടാകുന്ന മതപരിവർത്തനങ്ങളൊക്കെ അങ്ങനെയാണ് എന്ന നിലപാട് സാമാന്യ ജനങ്ങളുടെ സ്വാതന്ത്ര്യത്തെ നിന്ദിക്കലാണ്. ഏതു രംഗത്തും അനാരോഗ്യകരമായ പ്രലോഭനവും സമ്മർദവും ഉണ്ടാകുന്നുവെങ്കിൽ അതൊഴിവാക്കാനുള്ള നടപടിയാണ് വേണ്ടത്.

മതപരിവർത്തനത്തെത്തുടർന്ന് ചിലപ്പോൾ സാമുദായികാസ്വാസ്ഥ്യങ്ങളുണ്ടാകുന്നുവെങ്കിൽ അതിനുത്തരവാദികൾ മതപരിവർത്തനം ചെയ്തവരല്ല; അവരുടെ പൂർവ മതക്കാരുടെ അസഹിഷ്ണുതയാണ്. മതം മാറുന്നവരാരും ആരെയും തല്ലാനോ കൊല്ലാനോ കലാപമുണ്ടാക്കാനോ പോകാറില്ല. പ്രത്യുത അവർ തല്ലിനും കൊല്ലിനും ഇരയായിത്തീരുകയാണുണ്ടാകുന്നത്. പ്രബുദ്ധ കേരളത്തിൽപോലും മതം മാറിയ ഒരാൾ ഏതാനും വർഷം മുമ്പ് നിഷ്ഠുരമായി വധിക്കപ്പെടുകയുണ്ടായി. അതു സൃഷ്ടിച്ച അസ്വസ്ഥതകൾ ഇപ്പോഴും പുകഞ്ഞുകൊണ്ടിരിക്കുകയാണ്. മതംമാറിയ നിരപരാധികൾക്കെതിരെ വാളെടുക്കുന്ന അസഹിഷ്ണുക്കളായ ഫാഷിസ്റ്റുകളുടെ കൈകൾക്ക് വിലങ്ങിടുന്നതിനു പകരം ജനങ്ങളുടെ മതസ്വാതന്ത്ര്യത്തിനു വിലങ്ങുവെക്കുകയാണ് മതപരിവർത്തന നിരോധനിയമം ചെയ്യുന്നത്.

ഇതൊന്നും ആർക്കും മനസ്സിലാക്കാൻ പ്രയാസമുള്ള കാര്യമല്ല. എന്നിട്ടും വിവിധ സംസ്ഥാനങ്ങളിലെ മതപരിവർത്തന നിരോധന നിയമങ്ങൾക്കെതിരെ ആരും ഒന്നും മിണ്ടാതിരിക്കുന്നത് വിചിത്രമായി തോന്നുന്നു. ആർ.എസ്.എസ്സിന്റെ രാഷ്ട്രീയ പക്ഷമായ ഭാരതീയ ജനതാ പാർട്ടിക്ക് മതപരിവർത്തന നിരോധനത്തിലുള്ള താൽപര്യം മനസ്സിലാക്കാവുന്നതാണ്. ഹിന്ദുത്വയുടെ സംസ്ഥാപനമാണല്ലോ അവരുടെ ലക്ഷ്യം. മതപരിവർത്തനം കൂടുതൽ നടക്കുന്നത് ഹിന്ദുമതത്തിൽനിന്ന് ഇതര മതങ്ങളിലേക്കാണ്. അയ്യായിരമാണ്ടത്തെ പാരമ്പര്യവും ലോകോത്തര മഹിമയും അവകാശപ്പെട്ടുകൊണ്ട് തങ്ങളുയർത്തിപ്പിടിക്കുന്ന 'ധർമ'ത്തിൽനിന്ന് ആളുകൾ കൊഴിഞ്ഞുപോകുന്നത് അവരെ അസ്വസ്ഥരാക്കുന്നു. എന്നാൽ ഈ കൊഴിഞ്ഞുപോക്കിന്റെ കാരണം കണ്ടെത്തി പരിഹരിക്കാൻ സംഘപരിവാർ ഒരിക്കലും സന്നദ്ധമാകുന്നില്ല. ജാതിവ്യവസ്ഥയും സവർണ മേധാവിത്വവുമാണ് 'ഹിന്ദുത്വ ധർമ'ത്തിന്റെ കാതൽ. ഇതു രണ്ടും നിഷേധിക്കപ്പെട്ടാൽ പിന്നെ അതിൽ 'ഹിന്ദുത്വ' ബാക്കിയുണ്ടാവില്ല. അതുകൊണ്ട് മതപരിവർത്തനത്തിന്റെ പ്രചോദകങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ വേണം അവർക്ക് മതപരിവർത്തനം തടയാൻ.

എവിടെയെങ്കിലും ആരെങ്കിലും മതപരിവർത്തനം ചെയ്തുവെന്നറിഞ്ഞാൽ അവിടെയെത്തി അവരെ പുനർപരിവർത്തനം നടത്തിക്കുകയാണ് സംഘ്പരിവാർ ഇപ്പോൾ ചെയ്തുവരുന്നത്. ഈ പുനർ പരിവർത്തനത്തിന് ന്യായീകരണമായി ആദ്യപരിവർത്തനത്തിൽ പ്രലോഭനവും ബലാൽക്കാരവുമൊക്കെ ആരോപിക്കപ്പെടുന്നു. 'ഘർ വാപസി' (വീട്ടിലേക്കു മടങ്ങൽ) എന്നാണിതിനു പേര്. ഉത്തരേന്ത്യയിൽ 'ഘർ വാപസി' സാഘോഷം അരങ്ങേറിക്കൊണ്ടിരിക്കുന്നു. നാലു മാസംമുമ്പ് മതപരിവർത്തനം നിരോധിച്ച ഹിമാചൽ പ്രദേശിലെ സുലാനിൽ ഇക്കഴിഞ്ഞ ഏപ്രിൽ 15-ന് നടന്ന 'ഘർ വാപസി'യിൽ പതിനാലു ക്രൈസ്തവ കുടുംബങ്ങൾ ഹിന്ദുമതത്തിലേക്കു മടങ്ങിയെന്നാണ് സംഘാടകർ സാഭിമാനം മാധ്യമങ്ങളെ അറിയിച്ചത്. കഴിഞ്ഞ ബി.ജെ.പി ഭരണകാലത്ത് ഹിമാചൽ പ്രദേശിൽ 185 ക്രിസ്ത്യാനികളെ ഹിന്ദുമതത്തിലേക്ക് തിരിച്ചുകൊണ്ടുവന്നതായും 'ഘർ വാപസി'ക്ക് നേതൃത്വം നൽകുന്ന സംഘ്പരിവാർ ഗ്രൂപ്പായ ഹിമാചൽപ്രദേശ് എസ്.സി. & എസ്.ടി മഹാസംഘ് നേതാക്കൾ അവകാശപ്പെടുന്നു. പരിവർത്തനം ഹിന്ദുമതത്തിലേക്കാണെങ്കിൽ അതിവിശിഷ്ടം, അഭിമാനകരം; ഇതര മതങ്ങളിലേക്കാണെങ്കിൽ നിഷിദ്ധം, നിന്ദ്യം, നികൃഷ്ടം!

ഹിമാചൽ പ്രദേശിൽ വിപുലമായതോതിൽ 'ഘർ വാപസി' പ്രോഗ്രാം നടക്കുന്നുണ്ടെങ്കിലും ബി.ജെ.പിക്ക് അതുമായി ബന്ധമില്ലെന്നാണ് പാർട്ടി നേതാക്കൾ പറയുന്നത്. പാർട്ടി നേതാക്കളുടെയും ജനപ്രതിനിധികളുടെയും സഹകരണവും സജീവ സാന്നിധ്യവും ഈ പരിപാടികളെ പൊലിപ്പിക്കുന്നുവെന്നത് മറ്റൊരു സത്യം. ഹിമാചൽ പ്രദേശിൽ മതപരിവർത്തനനിരോധനനിയമം കൊണ്ടുന്നത്, ബി.ജെ.പി ഗവൺമെന്റല്ല; കോൺഗ്രസ് മുഖ്യമന്ത്രി വീർബഹാദൂർ സിംഗാകുന്നു എന്നതാണ് കൗതുകകരമായ മറ്റൊരു വസ്തുത. വീർ ബഹാദൂർ സിംഗിന്റെ നടപടിയെ കോൺഗ്രസ്സിൽ തന്നെ ചിലർ എതിർത്തിരുന്നു. എന്നിട്ടും നിയമം പാസ്സാക്കപ്പെട്ടു. ആക്ഷേപങ്ങൾ കെട്ടടങ്ങി. നിരോധിക്കപ്പെട്ട മതപരിവർത്തനം ഹിന്ദുമതത്തിൽനിന്ന് ഇതര മതങ്ങളിലേക്കുള്ള പരിവർത്തനമാണെന്ന് പ്രായോഗികമായി തെളിയിച്ചുകൊണ്ട് നിയമം അതിന്റെ മുറക്കു നടക്കുകയും ചെയ്യുന്നു.

മതപരിവർത്തനം നിരോധിച്ചതോടൊപ്പം സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതിയിൽ യോഗാഭ്യാസം ഒരു വിഷയമായി ഉൾപ്പെടുത്തിയതായും മുഖ്യമന്ത്രി പ്രസ്താവിച്ചിരിക്കുന്നു. വിദ്യാർഥികളും അധ്യാപകരും ആവശ്യപ്പെട്ടതുകൊണ്ടാണ് 'യോഗ'യെ സിലബസ്സിൽ ഉൾപ്പെടുത്തിയതെന്നാണ് സർക്കാർ വിശദീകരണം. രാഷ്ട്രീയ നിരീക്ഷകർ അതു മുഖവിലക്കെടുക്കുന്നില്ല. ഭൂരിപക്ഷ മതവിഭാഗത്തെ സ്വാധീനിക്കാൻ ബി.ജെ.പിയുടെ ആശയങ്ങളും നടപടികളും അവരേക്കാൾ ആവേശത്തോടെ സ്വാംശീകരിക്കുകയാണ് ഹിമാചൽ പ്രദേശ് കോൺഗ്രസ് എന്നാണവരുടെ വിലയിരുത്തൽ. ഇങ്ങനെ പോയാൽ കോൺഗ്രസ്സ് ബി.ജെ.പിയെ 'തോൽപിക്കുക' തന്നെ ചെയ്യും. അങ്ങനെ 'തോൽപിക്കാൻ' പക്ഷേ, ന്യൂനപക്ഷ മതവിഭാഗങ്ങൾ കോൺഗ്രസ്സിനോടൊപ്പം പോകേണ്ടതുണ്ടോ എന്നു തീരുമാനിക്കേണ്ടത് ന്യൂനപക്ഷങ്ങൾ തന്നെയാണ്. ■